**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണാടി ഗ്രാമപഞ്ചായത്ത് -പാലക്കാട് - ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - 2006-07 - ഖണ്ഡിക 3(5) - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.2018/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/07/2012**

---

**പരാമർശം:-**

1) പഞ്ചായത്ത് ഡയറക്ടറുടെ 08/03/2012-ലെ എം4-5015/12 നമ്പർ കത്തും 28/03/2011-ലെ കണ്ണാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 127/2011-ാം നമ്പർ തീരുമാനവും 29/05/2012-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 1(5) നമ്പർ തീരുമാനവും.
2) 09/12/2004-ലെ ജി.ഒ (എം.എസ്) 330/2004/തസ്വഭവ നമ്പർ ഉത്തരവ്.
3) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 02/07/2012-ലെ എൽ.എഫ്.5956/പി.റ്റി2/12 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(5) പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി റോഡ് പ്രവൃത്തി നിർവ്വഹണം ലോക്കൽ ഫണ്ട് ഓഡിറ്റ് വേളയിൽ നിരാകരിച്ചിരുന്നു. ആയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് പഞ്ചായത്തിന്റെ 28/03/2011-ലെ 127/2011-ാം നമ്പർ തീരുമാനത്തിന്റെയും ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

പരാമർശം 2-ലെ ഉത്തരവ് അനുസരിച്ച് റോഡ് മെയിന്റനൻസിനു വകയിരുത്തിയിട്ടുള്ള വിഹിതം പുതിയ റോഡുകളുടെ നിർമ്മാണത്തിന് വിനിയോഗിക്കാൻ പാട്ടുള്ളതല്ല. എന്നാൽ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസരണമായി തന്നെയാണ് പഞ്ചായത്തിലെ റോഡ് പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിട്ടുള്ളതെന്നും ഓഡിറ്റിൽ പരാമർശിച്ച മന്ദം-കമ്പളത്തറ റോഡ് കോൺക്രീറ്റിംഗ് മാത്രമാണ് അതിന് വിരുദ്ധമായി ചെയ്തതെന്നുമുള്ള മറുപടി പരിഗണിച്ച്, മേലിൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഇത്തരത്തിലുള്ള പ്രവൃത്തികൾ നിർവ്വഹിക്കുകയില്ലെന്ന ഉപാധിയോടെ ടി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 3 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) പ്രകാരം നിരാകരിച്ച മെയിന്റനൻസ് ഗ്രാന്റിനത്തിൽ 75,000/- രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) വിനിയോഗിച്ച് മന്ദം-കമ്പളത്തറ പുതിയ റോഡ് നിർമ്മാണം നടത്തിയ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് മേലിൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഇത്തരത്തിലുള്ള പ്രവൃത്തികൾ നിർവ്വഹിക്കരുതെന്ന ഉപാധിയോടെ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കണ്ണാടി ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ